കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടാട്ട് ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി.3)1416/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020.
ഇ-മെയിൽ -dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 10.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
അടാട്ട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അടാട്ട് ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ.

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി.3)1416/2017 തിയ്യതി: 10.11.2017

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2016 മുതൽ 31-03-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾക്ക് അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | | ശ്രീ.ചേക്കുട്ടി.കെ.യു, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | 19.08.2017 മുതൽ 29.08.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |
| ക്രമ നം. | പേര് | ഉദ്യോഗപ്പേര് |
| 1 | ശ്രീ.എം.എൽ.അഗസ്റ്റിൻ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.പ്രശാന്ത് ടി.ജി | അസി. ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.വിദ്യവിക്രമൻ | അസി. ഓഡിറ്റ് ഓഫീസർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. വി.ഒ. ചുമ്മാർ | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ലിൻസ്ഡേവീഡ്.വി | 01.04.2016 മുതൽ 25.04.2016 വരെ |
| | ശ്രീ.ഷാജു.സി.കെ (അസി.സെക്രട്ടറി, അഡീഷണൽ ചാർജ്ജ്) | 26.04.2016 മുതൽ 16.05.2016 വരെ |
| | ശ്രീ.ലിൻസ്ഡേവീഡ്.വി | 17.05.2016 മുതൽ 02.06.2016 വരെ |
| | ശ്രീ.ഷാജു.സി.കെ (അസി.സെക്രട്ടറി, അഡീഷണൽ ചാർജ്ജ്) | 03.06.2016 മുതൽ 22.06.2016 വരെ |
| | ശ്രീ.ലിൻസ്ഡേവീഡ്.വി | 23.06.2016 മുതൽ 01.07.2016 വരെ |
| | ശ്രീമതി.ശ്രീകുമാരി പി (ഫുൾഅഡീഷണൽ ചാർജ്ജ്) | 02.07.2016 മുതൽ 20.07.2016 വരെ |
| | ശ്രീ.ഉണ്ണികൃഷ്ണൻ.കെ | 21.07.2016 മുതൽ 31.07.2016 വരെ |
| | ശ്രീ. ലിൻസ് ഡേവീഡ് വി | 01.08.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീ.ഷാജു.സി.കെ | 01.04.2016 മുതൽ 23.06.2016 വരെ (24.06.16 മുതൽ 31.07.16 വരെ ഒഴിവ്) |
| | ശ്രീ.ആരിഫുദ്ദീൻ എ | 01.08.2016 മുതൽ 05.01.2017 വരെ |
| | ശ്രീ.മാറ്റ് ലി എം.സി | 06.01.2017 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി.രശ്മി കെ.ആർ | 01.04.2016 മുതൽ 17.10.2016 വരെ |
| | ശ്രീമതി.ശാന്തകുമാരി.വി.കെ | 18.10.2016 മുതൽ 12.12.2016 വരെ |
| | ശ്രീമതി.രശ്മി കെ.ആർ | 13.12.2016 മുതൽ 13.12.2016 വരെ |
| | ശ്രീമതി.ശാന്തകുമാരി.വി.കെ | 14.12.2016 മുതൽ 08.01.2017 വരെ |
| | ശ്രീമതി.രശ്മി കെ.ആർ | 09.01.2017 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.പി.സി. സത്യവർമ്മ | 01.04.2016 മുതൽ 23.01.2017 വരെ |
| | ശ്രീ.സോമകുമാർ പി.ജി | 24.01.2017 മുതൽ 03.02.2017 വരെ |
| | ആതിര മോഹനൻ | 04.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സുമൻ കാർത്തിക്.ഇ | 01.04.2016 മുതൽ 31.07.2016 വരെ |
| | ഡോ.സൈമൺ ടി.ചുങ്കത്ത് | 01.08.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയ്യുർവേദം) | ഡോ.നീലകണ്ഠൻ | 01.04.2016 മുതൽ 01.04.2016 വരെ |
| | ഡോ.ഷിനി.കെ.എം | 02.04.2016 മുതൽ 31.07.2016 വരെ |
| | ഡോ.ധന്യ എം.കെ | 01.08.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.പ്രവീൺ.ബി.വിശ്വം | 01.04.2016 മുതൽ 02.02.2017 വരെ |
| | ഡോ.ബ്ലെസി പോൾ | 03.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.സി.ബി. അജിത്കുമാർ | 01.04.2016 മുതൽ 25.09.2016 വരെ |
| | ഡോ.പ്രീത .കെ | 26.09.2016 മുതൽ 13.11.2016 വരെ |
| | ഡോ.വിനോദ് | 14.11.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുചിത്ര സി.കെ | 01.04.2016 മുതൽ 12.07.2016 വരെ |
| | ശ്രീമതി.ശ്രീകല | 13.07.2016 മുതൽ 16.08.2016 വരെ |
| | ശ്രീമതി.ഡോണ വിജയൻ | 17.08.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുഷമ സി.വി | 01.04.2016 മുതൽ 09.02.2017 വരെ |
| | ശ്രീമതി.ഗിരിജ.എസ്.കെ. | 10.02.2017 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്., അടാട്ട് | ശ്രീമതി.ലൗലി വർഗ്ഗീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ (പുഴക്കൽ സർക്കിൾ) | ശ്രീമതി.രശ്മി ആർ നായർ | 01.04.2016 മുതൽ 07.11.2016 വരെ |
| | ശ്രീമതി.സ്വപ്ന | 08.11.2016 മുതൽ 23.03.2017 വരെ |
| | ശ്രീ.ബൈജു.വി.ജെ. (അഡീഷണൽ ചാർജ്ജ്) | 24.03.17 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| വി.ഇ.ഒ (ചിറ്റിലപ്പിള്ളി സർക്കിൾ) | ശ്രീ.ബൈജു വി.ജെ | 01.04.2016 മുതൽ 31.03.2017 വരെ (24.03.17 മുതൽ 31.03.2017 വരെ പുഴക്കൽ സർക്കിൾ അഡീഷണൽ ചാർജ്ജ് ) |

<u>ഉള്ളടക്കം</u>

ഭാഗം 1

<u>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.</u>

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |

ഭാഗം-II

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഷോപ്പിങ്ങ് കോംപ്ളക്സ് വാടക നിർണ്ണയം. പഞ്ചായത്ത്ഭരണസമിതി തീരുമാനത്തിന്മേൽ നടപടി കൈകൊണ്ടിട്ടില്ല. | 2-1 |
| 2 | ഡി & ഒ ലൈസൻസ് നൽകൽ - അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-2 |
| 3 | ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ് - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | 2-3 |
| 4 | അമല ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഇ.എസ് എഡ്യൂക്കേഷൻ സൊസൈറ്റി എന്നിവിടങ്ങളിലെ അനധികൃത കെട്ടിട | 2-4 |

| | | |
|---|---|---|
| | നിർമ്മാണം - കെട്ടടനികുതിയിനത്തിൽ വൻകുടിശ്ശിക | |
| 5 | വിമുക്ത ഭടന്റെ ഉടമസ്ഥതയിലുള്ള താമസക്കെട്ടിടത്തിന് നികുതി ഇളവ് നല്കിയതിലെ അപാകത | 2-5 |

ഭാഗം-III

| ക്രമ നം | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സമഗ്ര കുടിവെള്ള പദ്ധതി - പമ്പിംഗ് പ്രവൃത്തിക്കായി വാടകക്കെടുത്ത ജനറേറ്റർ - കേടുവന്ന് പ്രവർത്തിക്കാത്ത ദിവസങ്ങളിലും വാടക നൽകി | 3-1 |
| 2 | സെക്രട്ടറി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - നിർമ്മിതികേന്ദ്രത്തെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-2 |
| 3 | പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങിനൽകൽ - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല | 3-3 |
| 4 | വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, കെ.ആർ.നാരായണൻ മെമ്മോറിയൽ ഹാൾ എന്നിവിടങ്ങളിലേക്ക് സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയത് ടെണ്ടറില്ലാതെ വാങ്ങാവുന്നവയല്ല. | 3-4 |
| 5 | കറുത്താണി-വാലി കോൾപ്പടവിലേക്ക് മോട്ടോർ വാങ്ങി നൽകൽ - ടെണ്ടർ നടപടികൾ -കൂടിയാലോചന നടത്തുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 3-5 |
| 6 | നെൽകൃഷി വികസന പദ്ധതികളിലെ അപാകതകൾ | 3-6 |
| 7 | തണ്ണീർത്തടം സ്വകാര്യ വ്യക്തികൾ കൈയേറിയത് സംബന്ധിച്ച്- ഭരണസമിതി തീരുമാനത്തിന്മേൽ നടപടികളായിട്ടില്ല. | 3-7 |
| 8 | ടെണ്ടർ ഷെഡ്യൂൾ സമർപ്പണം ദർഘാസ് പരസ്യത്തിൽ പറഞ്ഞ തിയ്യതിക്കുശേഷം. പൊതുമരാമത്ത് ചട്ടങ്ങൾക്കു വിരുദ്ധം.. | 3-8 |
| 9 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു. | 3-9 |
| 10 | അംഗികാരം ലഭിച്ച പ്രോജക്റ്റ് അളവെടുക്കാൻ കഴിയാഞ്ഞതിനാൽ ഡീലീറ്റ് ആയി. ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതനഷ്ടപ്പെടുത്തുന്നു | 3-10 |

| | | |
|---|---|---|
| 11 | വൃദ്ധജനപരിപാലനം, പെയിൻ & പാലിയേറ്റീവ് പദ്ധതികൾ- തുക നല്കിയിട്ടും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-11 |
| 12 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല | 3-12 |
| 13 | സാക്ഷരത പ്രേരക് ഹോണറേറിയം: സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്ട തുക കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 3-13 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 10 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/ തിയ്യതി | പുതുക്കിയത് |
|---|---|
| 20-02-2016ലെ 1-ാംനമ്പർ തീരുമാനം | 20-02-2017ലെ(3)-ാം നമ്പർ തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 25.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.
1. പഞ്ചായത്തിന്റെ നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം&എക്സ്പെൻഡിച്ചർ പത്രിക, രസീറ്റ്&പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 13253767.90 | 65313646 | 78567413.9 | 56213022 | 22354391.9 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (ബഡ്ജറ്റ് അലോട്ട്മെന്റ് പ്രകാരം) | ആകെ തുക | ചെലവ് തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10903393 | 10903393 | 10722927 | 180466 | 98.34 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6806286 | 6806286 | 3093617 | 3712669 | 45.45 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 2241 | 2241 | 2241 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2855379 | 2855379 | 2536364 | 319015 | 88.82 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3709899 | 3709899 | 2472943 | 1236956 | 66.65 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6114356 | 6114356 | 6110817 | 3539 | 99.94 |
| ലോക ബാങ്ക് സഹായം | 0 | 3202184 | 3202184 | 2354733 | 847451 | 73.53 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ തുക | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 122 | 58665141 | 101 | 38051834 | 5 | 16 | 64.86 |

## 1-7 തനത് വരുമാനം.

തനത് വരുമാനത്തിൽ താഴെപറയും പ്രകാരം 32.27 % വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9946679.00 | 12770018.00 | 2823339 | (+)28.38 |
| നികുതിയേതര വരവുകൾ | 1774556.00 | 3507285.00 | 1732729 | (+)97.64 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 686591.00 | 754860.00 | 68269.00 | (+)9.94 |
| ആകെ | 12407826.00 | 17032163.00 | 4624337.00 | (+)32.27 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 141470 | 85 |
| കർഷകതൊഴിലാളി പെൻഷൻ | 5169880 | 611 |
| വിധവാപെൻഷൻ | 11720380 | 1081 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 16430300 | 1854 |
| വികലാംഗപെൻഷൻ | 2329570 | 85 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 2516850 | 259 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 660000 | 23 |

അപേക്ഷാരജിസ്റ്ററിൽ അന്വേഷണത്തിന് നൽകിയ തീയതി, തിരികെ ലഭിച്ച തീയതി എന്നിവ ചേർക്കുന്നില്ല. കമ്മിറ്റി തീരുമാനം, തീയതി എന്നിവ ചേർത്ത് കാലികമാക്കിയിട്ടുണ്ട്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24/08/17ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി 60966/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ഇൻക്യുബൻസി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

2)എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | അവസാന ഓഡിറ്റ് കാലയളവ് | അവസാന റിപ്പോർട്ട് ലഭിച്ചത് |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.07.2017 | 04/17-05/17 | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 09/07/2014 | 2013-14 (review) | 2013-14 ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഷോപ്പിങ്ങ് കോംപ്ളക്സ് വാടക നിർണ്ണയം - പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്മേൽ നടപടി കൈക്കൊണ്ടിട്ടില്ല.

പഞ്ചായത്ത്ഭരണസമിതിയുടെ 22.4.2016ലെ 2(1)(16)തീരുമാനമനസരിച്ച് കെ.ആർ.നാരായണൻ ഹാളിനോടുചേർന്നുള്ള ഷോപ്പിങ്ങ് കോംപ്ളക്സിലെ 348 മുതൽ 353 വരെയുള്ള മുറികളുടെ വാടക പി.ഡബ്ളിയു.ഡി. നിരക്കിൽ നിശ്ചയിച്ചുതരുവാൻ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയെങ്കിലും വാടക നിശ്ചയിച്ച് തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് നൽകൽ- അപാകതകൾ പരിഹരിക്കേണ്ടതാണ്

| അപേക്ഷകന്റെ പേരും വിലാസവും | ഡി & ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമനമ്പർ | സ്ഥാപനം നടത്തുന്ന പ്രവൃത്തി | ശരാശരി പ്രതിദിന വിറ്റുവരവ് / ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കിയ ഫീസ് | റിമാർക്സ് |
|---|---|---|---|---|---|
| ലൂസി.സി.ജെ, പുത്തുക്കര വീട് ചിറ്റിലപ്പിള്ളി | 157 | വാർപ്പ് കട്ടിള, ജനൽ, സ്ലാബ് എന്നിവയുടെ നിർമ്മാണം | 6 HP | 200/- | 5 HP-ക്കു മുകളിലുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ആവശ്യമാണ്. ടി സാക്ഷ്യപത്രമില്ലാതെ ലൈസൻസ് അനുവദിച്ചു. |
| അച്ചുതൻ.കെ.എ, കുളങ്ങര പറമ്പിൽ വീട്, ചിറ്റിലപ്പിള്ളി.പി.ഒ | 187 | ടയർ റീസോളിംഗ് & പംക്ചർ വർക്ക് | 8 HP | 100/- | 5 HP ക്കു മുകളിലുള്ള യന്ത്രങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം അവശ്യമാണ്. ടി സാക്ഷ്യപത്രമില്ലാതെ ലൈസൻസ് അനുവദിച്ചു. |
| സെക്രട്ടറി, പുഴക്കൽ ക്ഷീര വ്യവസായ സഹകരണ സംഘം, പുഴക്കൽ | 156 | പാൽ, തൈര്, സംഭാരം, കാലിത്തീറ്റ | 6000/- | 100/- | ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് 200/- രൂപയാണ്. 100/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. |
| അടാട്ട് ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡ്, പുറനാട്ടുകര | 362 | വിത്ത്, വളം, കീടനാശിനി വില്പന | 15,000/- | 200/- | ചട്ടപ്രകാരം ഈടാക്കേണ്ട ഫീസ് 500/- രൂപയാണ്. 200/- രൂപയാണ് ഈടാക്കിയിട്ടുള്ളത്. |
| വിജിത്ത് വി.വി വടക്കുമുറി വീട് അമലനഗർ, ചൂരക്കാട്ടുകര | 179 | മെഡിക്കൽ & സർജിക്കൽ പ്രൊഡക്ട്സ് വിതരണം- ഓഫീസ് | അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല | 200 | വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷയിൻമേൽ ഡി&ഒ ലൈസൻസ് ഈടാക്കിയത് ഏതു മാനദണ്ഡപ്രകാരമെന്ന് വ്യക്തമല്ല. |
| ആന്റോ ലൂയിസ് അറങ്ങാശ്ശേരി വീട് പുറനാട്ടുകര | 188 | ഓഫീസ് റൂം & ഇന്റീരിയർ ബിൽഡിംഗ് മെറ്റീരിയൽസ് | അപേക്ഷയിൽ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല | 100 | വിറ്റുവരവ് രേഖപ്പെടുത്താത്ത അപേക്ഷയിൻമേൽ ഡി&ഒ ലൈസൻസ് ഈടാക്കിയത് ഏതു മാനദണ്ഡപ്രകാരമെന്ന് വ്യക്തമല്ല. |
| കെ.വി.സുധാകരൻ കുട്ടാലെ വീട് അമലനഗർ | - | ഡയമണ്ട് , ഗോൾഡ് ആഭരണങ്ങൾ | 1000/- | ഇല്ല | ഫീസ് അടവാക്കിയിട്ടില്ലെന്ന കാരണത്താൽ ലൈസൻസ് നൽകിയിട്ടില്ല. 1996 ലെ |

| | | | | | |
|---|---|---|---|---|---|
| | | | | | കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 6 പ്രകാരം അപേക്ഷ നിരസിക്കുന്നുണ്ടെങ്കിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. ആയത് പുറപ്പെടുവിച്ചു കാണുന്നില്ല. |

മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ടെണ്ടർ വിൽപ്പന- ഇ-ടെണ്ടർ ഫീ, വാറ്റ്- പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

2016-17 വർഷം മരാമത്ത്പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട ടെണ്ടർ സബ്മിഷൻ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല. ഇ- ടെണ്ടർവിളിച്ച 36/17(1), 34/17(1), 44/17(1), 89/17(3), 137/17(2) (പ്രവൃത്തിക്ക് പങ്കെടുത്ത കരാറുകാരുടെ എണ്ണം ബ്രാക്കറ്റിൽ) എന്നീ പ്രോജക്ട് നമ്പരിലുള്ള പ്രവൃത്തികൾക്ക് പ്രോജക്ട് അടങ്കലിന്റെ 0.2% വും അതിന്റെ 5%വാറ്റും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസഫർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വാറ്റ് ബന്ധപ്പെട്ട വകുപ്പിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 2-4 അമല ഇൻസ്റ്റിറ്റ്യൂട്ട്,ഐ.ഇ.എസ് എഡ്യൂക്കേഷൻ സൊസൈറ്റി എന്നിവിടങ്ങളിലെ അനധികൃത കെട്ടിട നിർമ്മാണം - കെട്ടിട നികുതിയിനത്തിൽ വൻകുടിശ്ശിക

അമല ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഇ.എസ് എഡ്യൂക്കേഷൻ സൊസൈറ്റി എന്നിവ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി 2016-17 സാമ്പത്തിക വർഷത്തിലും ഈടാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങൾ നികുതി അടയ്ക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ (അമല -WP(C)NO.11812/2015, ഐ.ഇ.എസ്-WP(C)NO.11500/2015) ചെയ്തിട്ടുള്ളതാണ്. കോടതിയുടെ പരിഗണനയിൽ ഉള്ള വിഷയമായതിനാൽ 2016-17 വർഷത്തിൽ വസ്തു നികുത് ഡിമാന്റ് നല്കിയിട്ടില്ലായെന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 7/21.8.17 നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്ത് നല്കിയ കണക്കുകൾ പ്രകാരം 2016-17 വർഷത്തേത് ഉൾപ്പെടെ അമല ഇൻസ്റ്റിറ്റ്യൂട്ട് അടവാക്കാനുള്ള നികുതി കുടിശ്ശിക 3929199/- രൂപയും, ഐ.ഇ.എസ് എഡ്യൂക്കേഷൻ സൊസൈറ്റി അടവാക്കാനുള്ള നികുതി കുടിശ്ശിക 5672550/- രൂപയുമാണ്. ഏകദേശം 1 കോടി രൂപ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കോടതി സ്റ്റേ ഒഴിവാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നികുതി ലഭിക്കാതിരിക്കുന്നതിലൂടെ പഞ്ചായത്തിന് വൻ വരുമാന നഷ്ടമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കോടതി നടപടിക്രമങ്ങൾ തീർപ്പാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല. വർഷങ്ങളായി ടി വിഷയം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കാറുണ്ടെങ്കിലും വേണ്ടത്ര പ്രാധാന്യം നല്കി നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസംമൂലം പഞ്ചായത്തിനുണ്ടാകുന്ന വരുമാന നഷ്ടം ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതായിരിക്കും.

## 2-5 വിമുക്ത ഭടന്റെ ഉടമസ്ഥതയിലുള്ള താമസക്കെട്ടിടത്തിന് നികുതി ഇളവ് നല്കിയതിലെ അപാകത

ശ്രീ വി.കെ.രാജേഷ്, വടക്കാഞ്ചേരി ഹൗസ്, പുറനാട്ടുകര എന്ന വിമുക്തഭടന്റെ ( വീട്ടുനമ്പർ-XIV/25-A)118 ച.മീ.വിസ്തീർണ്ണത്തിലുള്ള താമസക്കെട്ടിടത്തിന് 1314/- രൂപ (സഞ്ചയ സോഫ്റ്റ് വെയർ ഫോം -6പ്രകാരം ) നികുതിയിളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടിയാൻ സമർപ്പിച്ച നികുതിയിളവിനുള്ള അപേക്ഷയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 216.88ച.മീ(approximate) എന്ന് രേഖപ്പെടുത്തിക്കാണുന്നു. ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥനത്തിലാണോ നികുതിയിളവ് അനുവദിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി ഓഡിറ്റ് എൻക്വയറി നമ്പർ 17/29.08.17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ജി.ഒ (എം.എസ് )242/2013 ത.സ്വ.ഭ.വ 02-07-2013 പ്രകാരം വിമുക്ത ഭടന്മാരുടെ 2000ച.അടിവരെയുള്ള താമസക്കെട്ടിടങ്ങൾക്കേ നകുതിയിളവിന് അർഹതയുള്ളൂ. എന്നാൽ 2333.62 ച.അടി (216.88x10.76) വിസ്തീർണ്ണത്തിൽ നിർമ്മാണം നടത്തിയതായി കാണുന്നു. ആയതിനാൽ നികുതിയിളവിനുള്ള അർഹത പുന:പരിശോധനാവിധേയമാക്കേണ്ടതും അനുവദനീയമായതിലും അധികരിച്ച് കെട്ടിട നിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന് നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്ര കുടിവെള്ള പദ്ധതി - പമ്പിംഗ് പ്രവൃത്തിക്കായി വാടകക്കെടുത്ത ജനറേറ്റർ - കേടുവന്ന് പ്രവർത്തിക്കാത്ത ദിവസങ്ങളിലും വാടക നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
പ്രൊജക്റ്റ് നമ്പർ : S0068/17

അടങ്കൽ : 16,00,000/-

ഫണ്ട് : ഗുണഭോക്തൃവിഹിതം

ചെലവ് : 6,24,269/-

ബന്ധപ്പെട്ട വൗച്ചർ നമ്പർ : 1522/16-17 തി. 24.03.17 തുക, 46,400/-

കടുത്ത വേനലിൽ പമ്പിംഗ് പ്രവൃത്തികൾ താഴ്ന്ന വോൾട്ടേജ് മൂലം തടസ്സപ്പെടാതിരിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് റിയൽ ലൈറ്റ് & സൗണ്ട് വിളക്കുമ്മൽ, പുറനാട്ടുകര എന്ന സ്ഥാപനത്തിൽ 125 kv ജനറേറ്റർ പ്രതിദിനം 1600/- രൂപ വാടക നിരക്കിൽ എടുത്ത് പ്രവർത്തിപ്പിച്ചിരുന്നു. 04.02.17 മുതൽ 04.03.17 വരെ 29 ദിവസം ജനറേറ്റർ പ്രവർത്തിപ്പിച്ചതിന് 46,400/- രൂപ മേൽസ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ, പമ്പ് ഓപ്പറേറ്റർമാർ സമർപ്പിച്ചിട്ടുള്ള ഇന്ധന ഉപയോഗ റിപ്പോർട്ട് പ്രകാരം 24.02.17, 25.02.17, 26.02.17, 27.02.17 എന്നീ ദിവസങ്ങളിൽ ജനറേറ്റർ കേടുവന്നതുമൂലം പ്രവർത്തിപ്പിച്ചിട്ടില്ല. ആയതിനാൽ, 4 ദിവസത്തെ വാടക നൽകേണ്ടതില്ല. അധികം നൽകിയ വാടക 6,400/- രൂപ നിരാകരിക്കുന്നു.

## 3-2 സെക്രട്ടറി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾ - നിർമ്മിതികേന്ദ്രത്തെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

2016-17 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 36 പ്രൊജക്ടുകളിൽ 20 എണ്ണവും നിർമ്മിതികേന്ദ്രത്തെ ഏൽപ്പിച്ചിട്ടുള്ള മരാമത്ത് പ്രവൃത്തികളാണ്. ടി വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ആകെ ചെലവ് 1,63,03,983/- രൂപയാണ്. ആയതിന്റെ 71.3% (1,16,25,720/- രൂപ) നിർമ്മിതികേന്ദ്രത്തിനെ ഏൽപ്പിച്ച പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളാണ്. പുറനാട്ടുകര വായനശാല കുഴൽകിണർനിർമ്മാണം, ചാക്യാംപറമ്പ് വെസ്റ്റ് കുടിവെള്ള പദ്ധതി, പാരിക്കാട് കോളനി മാലിന്യ സംസ്കരണപ്ലാന്റ് അറ്റകുറ്റപ്പണികൾ, പുഴക്കൽ അയൺ റിമൂവൽ പ്ലാന്റ് അറ്റകുറ്റപ്പണികളും മീഡിയ ചെയ്ഞ്ചിംഗും എന്നിങ്ങനെ വിശേഷസ്വഭാവമുള്ള പ്രവൃത്തികൾ പോലും നിർമ്മിതികേന്ദ്രത്തെ ഏൽപ്പിച്ചുകാണുന്നുണ്ട്. ജി.ഒ (ആർ.ടി) നം. 244/ 2013/ തസ്വഭവ തി.30.01.2011 പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിക്കുന്ന പ്രവൃത്തികൾ മാത്രമാണ് ടി സ്ഥാപനത്തെ ഏൽപ്പിക്കാവുന്നത്. അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) നം. 133/2013/തസ്വഭവ തി. 30.03.13, അനുബന്ധം, ഖണ്ഡിക 7.i.(എ) പ്രകാരം പി.ഡബ്ല്യൂ.ഡി ഡാറ്റയും ഷെഡ്യൂളും ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള സാധാരണ മരാമത്ത് പ്രവൃത്തികളും ഏൽപ്പിക്കാവുന്നതല്ല. മാത്രമല്ല, പി.ഡബ്ല്യൂ.ഡി ഡാറ്റ പ്രകാരവും ലോ കോസ്റ്റ് ടെക്നോളജി പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താരതമ്യം ചെയ്ത് ചെലവ് കുറവാണെങ്കിൽ മാത്രമേ ഏൽപ്പിക്കാവൂ. മേൽ പ്രവൃത്തികളുടെ ഫയൽ പരിശോധനയിൽ എസ്റ്റിമേറ്റുകൾ സി.പി.ഡബ്ല്യൂ.ഡി 2014 നിരക്കുകളെ (cost index 36.19%) അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. നിർമ്മിതികേന്ദ്രത്തിന്റെ തനത് ടെക്നോളജി ഉപയോഗിച്ചിട്ടുള്ളതായോ എസ്റ്റിമേറ്റുകൾ താരതമ്യം ചെയ്തതായോ കാണുവാനായില്ല. സ.ഉ.(എം.എസ്) നം. 133/07/തസ്വഭവ തി.18.05.07 പ്രകാരം തനത് സാങ്കേതികവിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അളവുകൾ രേഖപ്പെടുത്തുന്നത് ഏജൻസിയുടെ എഞ്ചിനീയറാണെങ്കിലും തദ്ദേശഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ അവ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതുണ്ട്. ഇപ്രകാരം ചെയ്തുകാണുന്നില്ല. പദ്ധതി നിർവ്വഹണം സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പട്ടികജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങിനൽകൽ - കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി
പദ്ധതി നമ്പർ : S0107/17

അടങ്കൽ : 1,50,000/- വികസനഫണ്ട് (എസ്.സി.പി)

ചെലവ് : 1,48,140/-

ട്രഷറി ബിൽ : 6/16-17 dt. 29.03.17

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ പട്ടികജാതി വിഭാഗത്തിൽ പെട്ട 6 വിദ്യാർത്ഥികൾക്ക് ലാപ് ടോപ് വാങ്ങിനൽകുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം (Intel Quad core processor, 4 GB DDR3, 500 GB SATA HDD or higher, 14 / 15.6 " screen, DVD writer, WIFI, Front camera, 4cell battery with 2 hours backup, Windows, Battery adapter, Carrycase, One year or higher warranty) സീറ്റ ഐ.ടി ഇനവേഷൻസ് (ഐ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഒരു ലാപ് ടോപിന് എല്ലാ നികുതികളുമടക്കം 23,000/- രൂപ ക്വാട്ട് ചെയ്യുകയുമുണ്ടായി. ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഈ സ്ഥാപനത്തിൽ നിന്നും ലാപ് ടോപ് വാങ്ങാതെ നെസ്റ്റ് സിസ്റ്റംസ് & സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 24,690/- രൂപ നിരക്കിലാണ് ലാപ് ടോപ് വാങ്ങിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 14.03.17-ലെ സാധാരണ യോഗത്തിലെ തീരുമാനം നമ്പർ 3(2) പ്രകാരം ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ വെർഷൻ സീറ്റ ഐ.ടി ഇനവേഷൻസ് (ഐ) പ്രൈവറ്റ് ലിമിറ്റഡ് ടെണ്ടറിൽ

സ്പഷ്ടമാക്കാത്തിനാലാണ് നെസ്റ്റ് സിസ്റ്റംസിന്റെ നിരക്ക് അംഗീകരിച്ച് ടി സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്താൻ തീരുമാനിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് ടെണ്ടർ ക്ഷണിച്ചതിൽ തന്നെ Windows വെർഷൻ ഏതാണെന്ന് വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ, ഇക്കാരണം കൊണ്ട് ടി സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചത് ശരിയല്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നതിന് വേണ്ടി ടി സ്ഥാപനവുമായി ഏതെങ്കിലും തരത്തിലുള്ള ആശയവിനിമയം നടത്തിയതായും കാണുന്നില്ല. കൂടുതൽ നിരക്കുള്ള ലാപ് ടോപ് വാങ്ങിയതിനാൽ ഗ്രാമപഞ്ചായത്തിന് ഒന്നിന് 1690/- രൂപ നിരക്കിൽ ആകെ 10,140/- രൂപ അധികം ചെലവു വന്നതായി കാണുന്നു. ആയതിനാൽ, 10,140/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 വിവിധ സാംസ്കാരിക സ്ഥാപനങ്ങൾ, കെ.ആർ.നാരായണൻ മെമ്മോറിയൽ ഹാൾ എന്നിവിടങ്ങളിലേക്ക് സിഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയത് - ടെണ്ടറില്ലാതെ വാങ്ങാവുന്നവയല്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ഉടലക്കാവ് സാംസ്കാരിക നിലയത്തിലേക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ മേശകൾ വാങ്ങൽ (പ്രൊജക്ട് നമ്പർ : S0159/17, ചെലവ് - വികസനഫണ്ട്, 1,00,000/-, തനത് ഫണ്ട് - 49,725/-, ട്രഷറി ബിൽ നമ്പർ : 7/16-17 dt. 29.03.17, വൗച്ചർ നമ്പർ : 1603/16-17 dt. 30.03.17), ആമ്പക്കാട് സാംസ്കാരിക നിലയത്തിലേക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ മേശകൾ വാങ്ങൽ (പ്രൊജക്ട് നമ്പർ : S0160/17, ചെലവ് - വികസനഫണ്ട്, 1,00,000/-, തനത് ഫണ്ട് - 49,725/-, ട്രഷറി ബിൽ നമ്പർ : 8/16-17 dt. 29.03.17, വൗച്ചർ നമ്പർ : 1604/16-17 dt. 30.03.17), പാരിക്കാട് വിവേകാനന്ദ സാംസ്കാരികനിലയത്തിലേക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ മേശകൾ വാങ്ങൽ (പ്രൊജക്ട് നമ്പർ : S0161/17, ചെലവ് - വികസനഫണ്ട്, 1,11,150/-, തനത് ഫണ്ട് - 38,575/-, ട്രഷറി ബിൽ നമ്പർ : 9/16-17 dt. 29.03.17, വൗച്ചർ നമ്പർ : 1605/16-17 dt.30.03.17) എന്നീ പദ്ധതികളിലായി 75 സ്റ്റീൽ മേശകളും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ കെ.ആർ.നാരായണൻ മെമ്മോറിയൽ ഹാളിലേക്ക് സിഡ്കോയിൽ നിന്നും സ്റ്റീൽ മേശകൾ വാങ്ങൽ (പ്രൊജക്ട് നമ്പർ : S0155/17, ചെലവ് - തനത് ഫണ്ട് - 2,99,450/-/-, വൗച്ചർ നമ്പർ : 1602/16-17 dt. 30.03.17 ) എന്ന പ്രൊജക്ടിൽ 50 കസേരകളും ഒന്നിന് 5989/- രൂപ എന്ന നിരക്കിൽ വാങ്ങിയിട്ടുണ്ട്. ജി.ഒ.(ആർ.ടി) നം. 34/2016/SPD dt. 13.07.2016 എന്ന സർക്കാർ ഉത്തരവുപ്രകാരമാണ് സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങാവുന്നത്. എന്നാൽ, വാങ്ങൽ നടത്തുന്നത് ജി.ഒ.(ആർ.ടി)നം. 26/15/SPD dt.28.05.2015 യിലെ അനുബന്ധമായി നൽകിയിട്ടുള്ള ഇനങ്ങളുടെ വിലയിൽ അധികരിക്കാതെയാവേണ്ടതുണ്ട്. 22 G, 180 x 45 x 72 cm സ്പെസിഫിക്കേഷനോടുകൂടിയ സ്റ്റീൽ മേശകളാണ് വാങ്ങിയിട്ടുള്ളത്. ടി സ്പെസിഫിക്കേഷനുള്ള മേശകൾ മേൽ ഉത്തരവിന്റെ അനുബന്ധത്തിൽ ഉള്ളതായി കാണുന്നില്ല. ആയതിനാൽ, ടെണ്ടർ നടപടികൾ കൂടാതെ ഈ മേശകൾ വാങ്ങാവുന്നതല്ല. വാങ്ങൽ നടപടിക്രമങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. 7,48,625/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 കറുത്താണി-വാലി കോൾപ്പടവിലേക്ക് മോട്ടോർ വാങ്ങി നൽകൽ - ടെണ്ടർ നടപടികൾ -നെഗോസിയേഷൻ നടത്തുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ
പദ്ധതി നമ്പർ : S0158/17

അടങ്കൽ : 2,00,000/-

(1,58,600/- (വികസനഫണ്ട് (പൊതു), 21400/-(തനത്ഫണ്ട്), 20,000/- (ഗുണഭോക്തൃ വിഹിതം)

ചെലവ് : 1,84,500/- (1,58,600/- വികസനഫണ്ട്, 5,900/- (തനത് ഫണ്ട്), 20,000/- (ഗുണഭോക്തൃവിഹിതം)

ട്രഷറി ബിൽ : 11/16-17 dt. 31.03.17 (1,58,600/-)

വൗച്ചർ നമ്പർ : 1609/30.03.17, തുക- 20,000/-, 1610/17 dt. 30.03.17, തുക -5,900/-

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ കറുത്താണി-വാലി കോൾപ്പടവിലേക്ക് മോട്ടോർ വാങ്ങി നൽകുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം ഫീനിക്സ് ഇന്റർനാഷണൽ (എസ്.എസ്.ഐ യൂണിറ്റ്), തൃശ്ശൂർ, തൃശ്ശൂർ പാഡി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ യഥാക്രമം 1,89,525/-, 1,97,400/- രൂപ ക്വാട്ട് ചെയ്യുകയുമുണ്ടായി. ഇതിനുശേഷം രണ്ടു സ്ഥാപനങ്ങളേയും നെഗോസിയേഷന് ക്ഷണിക്കുകയും ഫീനിക്സ് ഇന്റർനാഷണൽ എന്ന കമ്പനി നെഗോസിയേഷന് ഹാജരാകാഞ്ഞതിനാൽ, 1,84,500/- രൂപ നെഗോസിയേഷൻ യോഗത്തിൽ ക്വാട്ട് ചെയ്ത തൃശ്ശൂർ പാഡി പ്രൊഡ്യൂസേഴ്സിന് പർച്ചേസ് ഉത്തരവ് നൽകുകയും ചെയ്തു. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ. (പി) നം. 259/2010/തസ്വഭവ തി. 08.11.2010 പ്രകാരം ടെണ്ടർ സമർപ്പിച്ചവരുമായി കൂടിയാലോചന പാടില്ല. ആവശ്യമെങ്കിൽ, മൂന്ന് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ലേലക്കാരനുമായാണ് കൂടിയാലോചന നടത്താവുന്നത്. ഇതിന് വിരുദ്ധമായി ക്വാട്ട് ചെയ്ത എല്ലാവരേയും നെഗോസിയേഷന് വിളിച്ച്, നിരക്കുകൾ പരസ്യപ്പെടുത്തി കുറഞ്ഞ നിരക്ക് ആവശ്യപ്പെടുന്നത് ടെണ്ടർ നടപടിക്രമങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾക്ക് നിരക്കുന്നതല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് വാങ്ങൽ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

## 3-6 നെൽകൃഷി വികസന പദ്ധതികളിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫീസർ

എ) പദ്ധതി നമ്പർ : S0031/17

പദ്ധതിയുടെ പേര് : ജൈവാധിഷ്ഠിത നെൽകൃഷി വികസനം

അടങ്കൽ : 18,87,500/-

ചെലവ് : 4,83,752-

ട്രഷറി ബിൽ : 4/16-17 dt. 18.03.17 (4,33,752/-), 10/16-17 dt. 31.03.17 (50,000/-)

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ നെൽകൃഷി കൂലിചെലവ് ഇനത്തിൽ തിരുത്തുംതാഴം കോൾപടവിലെ ശ്രീമതി. ഷീല ഡേവീസ് എന്ന ഗുണഭോക്താവിന് സബ്സിഡി വിതരണപത്രിക പ്രകാരം ആകെ 8172/- രൂപ {ട്രഷറി ബിൽ : 4/16-17 dt. 18.03.17 (4,33,752/-)} വിതരണം ചെയ്തതായി കാണുന്നു. ടിയാളുടെ അപേക്ഷയിലെ വിവരങ്ങൾ പ്രകാരം ആകെ 6.29 ഏക്കർ കൃഷി ചെയ്തിട്ടുണ്ട്. 2016-17 വർഷത്തേക്ക് ബാധകമായ പദ്ധതി / സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്) നം. 04/2016/ തസ്വഭവ തി.11.01.2016 പ്രകാരം രണ്ട് ഹെക്ടറിൽ താഴെ ഭൂമി സ്വന്തമായുള്ള കർഷകർക്ക് മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ. മാത്രമല്ല, മേൽസൂചിപ്പിച്ച മാർഗ്ഗരേഖ പ്രകാരം ഒരു ഹെക്ടറിന് 6,000/- രൂപയാണ് (ഒരു സെന്റിന് 24/- (6000 / 250 സെന്റ്)) കൂലിചെലവ് സബ്സിഡി നൽകാവുന്നത്. ആയതിന്റെ 50% വിഹിതം ജില്ലാപഞ്ചായത്ത് നൽകേണ്ടതുണ്ട്. 2016-17 വർഷം ജില്ലാപഞ്ചായത്ത് വിഹിതം ലഭിച്ചിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ, മേൽഖണ്ഡികയിൽ പരാമർശിച്ച ഗുണഭോക്താവിന് സബ്സിഡി ഇനത്തിൽ പരമാവധി നൽകാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം ഒരു ഹെക്ടറിന് 3,000/- രൂപ എന്ന നിരക്കിൽ 6,000/- രൂപയാണ്. എന്നാൽ, 8,172/- രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്.

നാമമാത്ര/ചെറുകിട കർഷകരുടെ ഗണത്തിൽ പെടാത്ത കർഷകർക്ക് സബ്സിഡി അനുവദിച്ചതിന് ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ഗുണഭോക്താവിന്റെ | കോൾ | കൃഷി ചെയ്ത | നൽകിയ |
|---|---|---|---|

| പേര് | പടവിന്റെ പേര് | സ്ഥലത്തിന്റെ വിസ്തീർണ്ണം (ഏക്കറിൽ) | സബ്സിഡി |
|---|---|---|---|
| പൗർണ്ണമി രാജീവ് | ഒമ്പതാംമുറി | 5.35 | 6000 |
| ശ്രീധരൻ എൻ.ജി | ഒമ്പതാംമുറി | 5.24 | 6000 |
| മധുസൂദനൻ | തിരുത്തും താഴം | 5.9 | 6000 |
| ടീന ശ്രീജിത്ത് | തിരുത്തും താഴം | 5.54 | 6000 |
| ആകെ | | | 24000 |

സർക്കാർ നിർദ്ദേശം പാലിക്കാതെ നൽകിയ സബ്സിഡി 32,172/- (24000+8172) രൂപ തടസ്സപ്പെടുത്തുന്നു.

ബി) നെൽകൃഷി വികസനപദ്ധതികളിൽ കൂലിചെലവ് സബ്സിഡി നൽകുമ്പോൾ ഗുണഭോക്താവ് കൃഷി ചെയ്തത് കൃഷി ഓഫീസർ ഉറപ്പ് വരുത്തേണ്ടതുണ്ട്. എന്നാൽ, ടി പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഇക്കാര്യം ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. ഇക്കാര്യം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട രണ്ടാമത്തെ ബിൽ പ്രകാരം 50,000/- രൂപ വിവിധ കോൾപടവുകളിൽ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിന്ന് ചെലവഴിച്ചിട്ടുണ്ട്. കോൾപടവുകളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ടി യൂണിറ്റിന്റെ നിർമ്മാണം പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമാണെന്ന് കാണുന്നില്ല. മാത്രമല്ല, കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട അടാട്ട് ഫാർമേഴ്സ് സർവീസ് സഹകരണബാങ്കിന്റെ ചെലവുകളുടെ വൗച്ചറുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും 50,000/- രൂപ ആർക്കാണ് കൈമാറിയിട്ടുള്ളതെന്ന വിവരം ലഭ്യമല്ല. മേൽകാരണങ്ങളാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 തണ്ണീർതടം സ്വകാര്യ വ്യക്തികൾ കൈയേറിയത് സംബന്ധിച്ച് - ഭരണസമിതി തീരുമാനത്തിന്മേൽ നടപടികളായിട്ടില്ല.

പഞ്ചായത്ത്ഭരണസമിതിയുടെ 30/11/2016-ലെ 12(14) തീരുമാനമനുസരിച്ച് ചിറ്റിലപ്പിള്ളി വില്ലേജിലെ റീസർവെ 48ലെ 2ഏക്കർ 96സെന്റ് വിസ്തീർണ്ണമുള്ള തണ്ണീർതടം സ്വകാര്യ വ്യക്തികൾ കൈയേറിയിട്ടുണ്ട് എന്നും ആയത് അളന്ന് പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിന് താലൂക്ക് സർവേയറോട് അപേക്ഷിക്കുന്നതിനും തീരുമാനിച്ചതിന്മേൽ 15/4/17-ൽ 3375/- രൂപ അതിര് ചാർജ്ജ് അടവാക്കിയതായി കാണുന്നു (ചലാൻ നം. 17, 18). ഇക്കാര്യത്തിൽ എടുത്ത തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ടെണ്ടർ ഷെഡ്യൂൾ സമർപ്പണം ദർഘാസ് പരസ്യത്തിൽ പറഞ്ഞ തിയ്യതിക്കുശേഷം - പൊതുമരാമത്ത് ചട്ടങ്ങൾക്കു വിരുദ്ധം..

പൊതുമരാമത്ത് വകുപ്പ് മാന്വൽ (2012) സെക്ഷൻ 2008.1ൽ വൈകികിട്ടിയ ടെണ്ടർ പരിഗണിക്കരുത് എന്ന് നിഷ്കർഷിക്കുന്നു. 30 മരാമത്ത്പ്രവർത്തികളുടെ മാന്വൽ ടെണ്ടർ 15/2/17-ലെ AE/16-17 പ്രകാരം

പരസ്യപ്പെടുത്തുകയുണ്ടായി. ഷെഡ്യൂൾ വില്പന 23/2/17 12pm വരെയും സമർപ്പിക്കേണ്ട അവസാന ദിവസം 23/2/17 2pm വരെയും ദർഘാസ് പരസ്യത്തിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ താഴെപറയുന്ന മരാമത്ത്പ്രവർത്തികൾക്ക് ഷെഡ്യൂൾ വാങ്ങി സമർപ്പിച്ചിരിക്കുന്നത് നിശ്ചിത സമയത്തിനു ശേഷമാണ്. വിശദവിവരം താഴെപറയുന്നു.

| ക്രമനമ്പർ | ഷെഡ്യൂൾ വാങ്ങിയ കരാറുകാരൻ | പ്രോജക്ട് നം | രശീതിനം. |
|---|---|---|---|
| 1 | സുബിൻ .എം. | 138/17 | 12/39586 /27-2-17 |
| 2 | രഘുനാഥൻപിള്ള | 138/17 | 13/39586 /27-2-17 |
| 3 | ബേബി. എ.ഡി. | 88/17<br>153/17<br>154/17 | 14/39586 /27-2-17 |
| 4 | ഡേവിസ്.പി.പി. | 88/17<br>153/17<br>154/17 | 15/39586 /27-2-17 |
| 5 | പ്രദീപൻ എം.ജെ | 87/17 | 16/39586 /27-2-17 |
| 6 | മണികണ്ഠൻ.വി.പി. | 145/17<br>149/17<br>151/17<br>152/17 | 17/39586 /27-2-17 |
| 7 | രമേഷ്. ഇ.ആർ | 145/17<br>149/17<br>151/17<br>152/17<br>33/17 | 18/39586 /27-2-17 |

പഞ്ചായത്ത് ഭരണസമിതിയുടെ 27/2/17-ലെ 2(4) തീരുമാനപ്രകാരം പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ട്. നിശ്ചയിച്ച സമയത്തിനുശേഷം വൈകി സമർപ്പിച്ച ഷെഡ്യൂൾ അംഗീകരിക്കുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 3-9 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു.

2015-16-ൽ ഏറ്റെടുത്ത റോഡ് നിർമ്മാണപ്രവൃത്തികൾ സോളിങ്ങ് വരെയുള്ള ഇനങ്ങൾ മാത്രം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട്

ടാറിങ്ങ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും സാമ്പത്തിക നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ സോളിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമനമ്പർ | പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | ബ്രിസ് നഗർ റോഡ് സോളിങ്ങ് | 210000 | 160430 |
| 2 | ഈറ്റാംകുളം റോഡ് സോളിങ്ങ് | 213000 | 204554 |
| 3 | ടീച്ചേഴ്സ് കോളനി ലെയിൻറോഡ് സോളിങ്ങ് | 150000 | 121046 |
| 4 | കുണ്ടുകുളം റോഡ് സോളിങ്ങ് | 80000 | 60322 |
| 5 | കേരള തീയ്യറ്റേഴ്സ് റോഡ് സോളിങ്ങ് | 210000 | 133801 |
| 6 | മുല്ലക്കൽ റോഡ് സോളിങ്ങ് | 140000 | 93480 |

2016-2017 വർഷത്തിൽ മേൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കിയതായും കാണുന്നില്ല. മരാമത്ത്പ്രവർത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്ററിമേററ് തയ്യാറാക്കി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. (2015-16 മുതൽ വളരെ ഉയർന്ന നിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് മരാമത്ത് പ്രവർത്തികളുടെ എസ്ററിമേററ് തയ്യാറാക്കാൻ അവലംബിക്കുന്നത്).

## 3-10 അംഗീകാരം ലഭിച്ച പ്രോജക്ട് അളവെടുക്കാൻ കഴിയാഞ്ഞതിനാൽ ഡിലീറ്റ് ആയി - ഇതുമൂലം മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു

2016-17 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച 43 മരാമത്തു പ്രോജക്ടുകളിൽ 27 പ്രോജക്ടുകൾ പൂർത്തിയായെങ്കിലും 2 സ്പിൽ ഓവർ പ്രോജക്ടുകൾ (4/17, 5//17) സമയപരിധിക്കകം അളവെടുക്കാൻ കഴിയാഞ്ഞതിനാൽ ഡിലീറ്റ് ആയിപ്പോയി. 2017-18-ലേക്ക് സ്പിൽ ഓവറായി 16 പ്രോജക്ടുകൾ ശേഷിക്കുന്നു. അംഗീകാരം ലഭിച്ച പ്രോജക്ട് ഉപേക്ഷിക്കുന്നത് മറ്റ് മേഖലകളിൽ ചെലവഴിക്കാനുള്ള പദ്ധതി പണം ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത നഷ്ടപ്പെടുത്തുന്നു. ഇക്കാര്യത്തിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-11 വൃദ്ധജനപരിപാലനം, പെയിൻ & പാലിയേറ്റീവ് പദ്ധതികൾ– തുക നല്കിയിട്ടും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന രണ്ട് പദ്ധതികളിലും ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്ന് നല്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് തുക കൈമാറിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

പ്രോജക്ട് - വൃദ്ധജനപരിപാലനം

പ്രോജക്ട് നമ്പർ - 91/16-17

ബിൽ നമ്പർ - 2/16-17 തീ.17/2/17

തുക - 400000/-

ഗ്രാമ പഞ്ചായത്തിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള ബി.പി.എൽ ലിസ്റ്റിൽപ്പെടുന്ന രോഗികൾക്ക് സൗജന്യമായി മരുന്ന് നല്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി മേൽ പ്രകാരം തുക പ്രഫോർമ ഇൻവോയ്സ് നമ്പർ PRF1376/10.01.17 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് കൈമാറി.

പ്രോജക്ട് - പെയിൻ & പാലിയേറ്റീവ്

പ്രോജക്ട് നമ്പർ - 90/17

ബിൽ നമ്പർ - 3/16-17 തീ.17/2/17

തുക - 115600/-

മേൽ പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF11642/18.01.17 പ്രകാരം കൈമാറി.

സമൂഹത്തിലെ ഏറ്റവും പരിഗണനാർഹരായ വിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കിയ മേൽ രണ്ട് പദ്ധതികളിലും മരുന്ന് വിതരണം നടത്താൻ കഴിയാതിരുന്നത് പദ്ധതി നിർവ്വഹണത്തിലെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. എത്രയുംവേഗം മരുന്ന് ലഭ്യമാക്കി വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക (400000+115600) 515600 /- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-12 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ - 71/17

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ഹോമിയോ

ബിൽ നമ്പർ - 1/16-17 തീ.16/1/17

തുക - 100000/-

പദ്ധതിയുടെ നിർവ്വഹണത്തിനായി മേൽ പ്രകാരം തുക ഹോംകോ, ആലപ്പുഴയ്ക്കു കൈമാറിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല 30/1/17-ന് തുക കൈമാറിയെങ്കിലും മരുന്നിനുള്ള ഇൻഡന്റ് നല്കിയിരിക്കുന്നത് 15/5/17-നാണ്. ഇൻഡന്റ് നല്കുവാനും മരുന്ന് ലഭിക്കുന്നതിനും കാലതാമസം വരാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. എത്രയും വേഗം മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ആയതുവരെ ചെലവ് തുകയായ 100000/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# 3-13 സാക്ഷരതപ്രേരക് ഹോണറേറിയം: സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കേണ്ട തുക കൃത്യമായി രേഖപ്പെടുത്തുന്നില്ല.

സാക്ഷരത പ്രേരക്, അസി.പ്രേരക് എന്നിവർക്ക് അനുവദിക്കുന്ന ഹോണറേറിയം സാക്ഷരത മിഷനിൽ നിന്ന് തിരികെ പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. രജിസ്റ്റർപ്രകാരം ഹോണറേറിയം ഇനത്തിൽ 3/2017 വരെ 687897/- രൂപ സാക്ഷരത മിഷനിൽ നിന്ന് ലഭിക്കാനുണ്ട്. കൂടാതെ കുടിശ്ശിക ഇനത്തിൽ 91100/- രൂപ 2016-17 വർഷത്തിൽ അസി. പ്രേരക് സിന്ദു രാജൻ എന്നവർക്ക് ബഹു.കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. സാക്ഷരത മിഷനിൽ നിന്ന് ഇതുവരെ ലഭിക്കേണ്ട തുക, ലഭിച്ച തുക എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ ആധികാരികമാക്കേണ്ടതാണ്. തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 64/17- ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |
| | 988400 | 157/17-പാരിക്കാട് കുളം മാലിന്യ വിമുക്തമാക്കൽ | 0 | 988400 |
| ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 94/17-പാരിക്കാട് മാലിന്യ സംസ്കരണ പ്ലാന്റ് – അടിയന്തിര അറ്റകുറ്റപ്പണികൾ | 0 | 3,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | 99/17- കുടുംബശ്രീ മുഖേന മാലിന്യം നീക്കം ചെയ്യൽ | 2,00,000 | 0 |
| ജില്ല പഞ്ചായത്ത് | 1350000 | 3/17 – സമഗ്ര നെൽകൃഷി വികസനം | 0 | 1350000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 138/14-സ്ട്രീറ്റ് ലൈറ്റ് വലിക്കൽ | 1370/2013-14 | 18450 | 0 | 18450 |
| | ഹൈമാസ്റ്റ് ഇലകട്രിഫിക്കേഷൻ | 448/13,736/13, 754/13, 799/13, 842/13 | 71344 | 0 | 71344 |
| കേരള വാട്ടർ അതോറിറ്റി | 106/17- അടാട്ട് ഗ്രാമപഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 784/2016-17 | 884000 | 0 | 884000 |
| | 53/14 - പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1368,1369/2013-14 | 832212 | 0 | 832212 |
| | 126/14 – എസ്.സി വീട്ടുകൾക്ക് വാട്ടർ കണക്ഷൻ | 1373,1446/2013-14 | 1093381 | 0 | 1093381 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 600 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 2,44,346/- രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2015-16 | 2-4 | 370 | മനോജ്, മുതുവറ വീട് | 11608110614/23.03.17 |
| 2015-16 | 2-4 | 816 | സിസ്റ്റർ അനില, പാറശ്ശേരി | 11608110615/23.03.17 |
| 2014-15 | 2-1 | 3250 | മഞ്ജുള ടി.പി, ഹെഡ്മിസ്ട്രസ്, ശ്രീശാരദ ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, പുറനാട്ടുകര | 11608101070/05.05.16 |
| 2104-15 | 2-3 | 200 | ചുങ്കത്ത് പ്രിൻസ് ഡെന്റൽ കെയർ | 11608101105/06.05.16 |
| 2004-05 | 3-7 | 80000 | എക്സിക്യൂട്ടീവ് ഡയറക്ടർ& പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്ര | 11608500011/ 20.05.16 |
| 2014-15 | 3-4 | 159710 | എക്സിക്യൂട്ടീവ് ഡയറക്ടർ& പ്രോജക്ട് മാനേജർ, നിർമ്മിതി കേന്ദ്ര | 2273504/27..03.17 (ചെക്ക്അഡ്ജസ്റ്റ്മെന്റ്- പ്രോജക്ട് നമ്പർ 52/17- പുഴക്കൽ റിവർ ടൂറിസം സൗന്ദര്യവൽക്കരണം – ബിൽതുകയിൽ കുറവ് ചെയ്ത് നല്കി) |
| | | 244346 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | നമ്പർ | | |
|---|---|---|---|
| 2011-12 | 2014-15 | ഒരേ വ്യക്തിതന്നെ ഒന്നിലധികം പെൻഷൻ കൈപ്പറ്റുന്നു. തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിലെ കെ.കെ.കുഞ്ഞപ്പ, കൊല്ലാര ഹൗസ് എന്നവർക്ക് 11.10.11-ലെ ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി തീരുമാനപ്രകാരം വികലാംഗപെൻഷൻ അനുവദിച്ചിട്ടുണ്ട്. വികലാംഗപെൻഷൻ വാങ്ങിക്കൊണ്ടിരിക്കേ 07.05.2012-ന് കർഷകതൊഴിലാളി പെൻഷനും അനുവദിച്ചു. | 4/2013 മുതൽ ടിയാന് ലഭിച്ചിരുന്ന കർഷക തൊഴിലാളി പെൻഷൻ നിർത്തലാക്കുകയും രശീതിനം. 11406103782/ 29.09.14 പ്രകാരം 500/-രൂപയും, രശീതിനം. 11508102320/ 11.02.16 പ്രകാരം 3500/-രൂപയും തിരിച്ചടവാക്കിയിട്ടുണ്ട്. പരാമർശം ഒഴിവാക്കുന്ന നടപടിക്കായി സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65313646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56213022 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1456537 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 6400 | ശ്രീ.ലിൻസ് ഡേവിഡ്.വി, സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | | 6400 | |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 10140 | ശ്രീ.മാറ്റ് ലി.എം.സി., അസി.സെക്രട്ടറി |
| 3-4 | 449175 | ശ്രീ.മാറ്റ് ലി.എം.സി., അസി. സെക്രട്ടറി |
| | 299450 | സെക്രട്ടറി, ലിൻസ് ഡേവിസ് |
| 3-6 എ | 32172 | ശ്രീമതി.ആതിര മോഹനൻ, കൃഷി ഓഫീസർ |
| 3-6 സി | 50000 | ശ്രീമതി.ആതിര മോഹനൻ, കൃഷി ഓഫീസർ |
| 3-11 | 515600 | ഡോ.സൈമൺ ടി.ചുങ്കത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-12 | 100000 | ഡോ.ബ്ലസി പോൾ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ആകെ | 1456537 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ലിൻസ് ഡേവിഡ്, സെക്രട്ടറി | സെക്രട്ടറി, അടാട്ട് ഗ്രാമ പഞ്ചായത്ത് | വടക്കൂട്ട് ഞാറയിൽ, പറപ്പൂർ പി.ഒ, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1983-84 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 06.01.12 |
| 1984-85 | |
| 1985-86 | |
| 1986-87, 1987-88 | |
| 1990-91 | |
| 1991-92 | |
| 1992-93, 1993-94 | എൽ.എഫ്.ടി.എസ്.2-781/11 തീ.18/10/11/6.1.12 |
| 1994-95, 1995-96 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 6.1.12 |
| 1996-97&1997-98 | എൽ.എഫ്.ടി.21/1911/ 2000/18.05.2000 |
| 1998-99, 1999-2000, 2000-01 | എൽ.എഫ്.ടി.12/932/ 02/11.01.13 |
| 2001-02 | എൽ.എഫ്.ടി.12- 1583/03/ 26.02.02(പ്ലാൻ) |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 |
| 2005-06 | എൽ.എഫ്.ടി.12-2000/08/ 08.03.10/16.4.10 |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 |
| 2008-09 | എൽ.എഫ്.ടി.12-1776/10/ 20.04.11/02.09.11 |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 |
| 2010-11 | എൽ.എഫ്.ടി.പി3- 365/12/ 28.04.12/ 05.07.12 |

| | |
|---|---|
| 2011-12 | എൽ.എഫ്.ടി.പി3/692/ 13/01/08/13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി3/2146/ 13/02.04.2014 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1925/14/ 13.07.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി3/349/16, 14.03.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3/1929/16, 29.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ (പി.3)-1416/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020

ഫോൺ- 0487 2331240

ഇ.മെയിൽ-dotsr.ksad@kerala.gov.in

തീയ്യതി:10.11.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ

രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA-TSR(P3)1416/2017

Kerala State Audit Department,
District Audit Office, Thrissur
PIN 680 020
Dated: 10/11/2017
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Adat Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Adat Grama Panchcyath for the year 2016-17, except the observations stated in my Audit Report properly presents the picture of income and expenditure.

Deputy Director,
District Audit Office,
Thrissur.